


# FLASH

# ഫ്ലാഷ്

## G.H.S.S KARIMBA

LITTLE KITES MAGAZINE

# OUR SCHOOL QR CODE

Please scan this code using your mobile phone

**LK/2018/21079**

**Editorial board**

Girija K( HM)
Nafla Sherin
Muhammed Swalih V
Athulya
Thanseera
Shamna sherin
Shemeena
Fathima Nashida
Muhammed Sinan
Sona
Cover Picture : Praveen Prakash
Noor Jahan
Praveen K C

**Little Kite Leaders**

Nafla Sherin
Muhammed Swalih V

**Kite Mistress, Master**

Noor Jahan
Praveen K C

**SITC**
Jameer P S

**Sincere Thanks**

K Girija Head Misterss
K Kunjunni Principal
Yusef Palakkal – PTA President
Mansoor Ali
Sreelatha
All staff ,Students
And other PTA members



പ്രിയപ്പെട്ട കുഞ്ഞുങ്ങളെ,

കമ്പ്യൂട്ടർ വിജ്ഞാനം എന്നത് പരീക്ഷക്ക് വേണ്ടി മാത്രം പഠിക്കുന്ന ഒരു വിഷയം എന്നതിൽ നിന്നും പ്രായോഗിക ജീവിതത്തിൽ കൂടി ഉപകരിക്കും വിധം മാറ്റിയെടുക്കാൻ Little Kites Club-ന്റെ പ്രവർത്തനങ്ങൾക്ക് കഴിയുന്നുണ്ട്. Little Kites- ന്റെ വിശാലമായ കാഴ്ചപ്പാട് ഈ പ്രവർത്തനങ്ങളിൽ ഭാഗമാക്കാവുന്ന നിങ്ങളോരോരുത്തർക്കും ലഭിക്കട്ടെ എന്നാഗ്രഹിക്കുന്നു.
നിങ്ങൾ തയ്യാറാക്കുന്ന ഈ മാസികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

ഗിരിജ. കെ
ഹെഡ്മിസ്ട്രസ്സ്




പ്രിയപ്പെട്ട കുട്ടികളെ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ നിങ്ങൾ പഠന പ്രവർത്തനത്തിന്റെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്ന എന്നത് സന്തോഷകരമാണ്.

വിവര സാങ്കേതിക വിദ്യയുടെ മാറ്റം നമ്മുടെ വായനയിലും മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടല്ലോ. ആ മാറ്റത്തെ ഉൾക്കൊള്ളുന്ന ഈ ശ്രമത്തിന് എല്ലാ ആശംസകളും നേരുന്നു

കുഞ്ഞുണ്ണി.കെ
പ്രിൻസിപ്പൽ



പ്രിയ കുട്ടികളെ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികൾ അവരുടെ പഠന പ്രവർത്തനത്തിന്റെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്ന വിവരം അറിഞ്ഞതിൽ സന്തോഷിക്കുന്നു. സാങ്കേതിക വിദ്യയിലെ പുതിയ ആശയങ്ങളെ പരിചയപ്പെടാൻ നിങ്ങളെ സഹായിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് എല്ലാ ആശംസകളും നേരുന്നു.

എന്ന്
യൂസഫ് പാലക്കൽ
പി.ടി .എ പ്രസിഡൻറ്

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ
പഠന പ്രവർത്തനത്തിന്റെ ഭാഗമായുള്ള പ്രവർത്തനമാണിത്.
ഈ ഉദ്യമത്തിന് സഹകരിച്ച
എല്ലാവരോടും നന്ദി അറിയിക്കുന്നു.
വായിക്കുമല്ലോ

**സസ്നേഹം**

**ലിറ്റിൽ കൈറ്റ്സ് 2018-2020 അംഗങ്ങൾ**

**ഉള്ളടക്കം**

**നാൾവഴികൾ – സി കെ രാജൻ മാഷ് – 8**

**സ്വപ്നം – മുഹമ്മദ് ആരിഫ് – 10**

**കുട്ടികൾ ഒരു നാൾ – അശോക് ബാജ്പേയി യുടെ കവിത വിവർത്തനം – 11**

**ഗിരിജ ടീച്ചർ–13**

**നിങ്ങൾക്കെങ്ങനെ ധൈര്യം വരുന്നു**
**– ഗിരിജ K Head Mistress –15**

**കാശ്മീർ – മുഹമ്മദ് ഉവൈസ് – 16**

**ആസ്വാദന കുറിപ്പുകൾ – 17**

**ഒരു നീണ്ട യാത്ര –പ്രവീൺ പ്രകാശ് കെ– 19**

**വിജയോത്സവം – 21**
**പ്രതിഭ ആദരം – 22**
**ഹൈടെക്ക് പ്രഖ്യാപനം–23**
**കൗമാര ദിനം–25**

**ലിറ്റിൽ കൈറ്റ് വാർത്തകൾ–26**

**വരകൾ–28**

**ചിത്രങ്ങളിലൂടെ 33**

# നാൾ വഴികൾ

സി.കെ.രാജൻ
മുൻ മലയാളം അധ്യാപകൻ ഗവൺമെൻറ് ഹൈസ്കൂൾ കരിമ്പ

ഹരിത ഭംഗി വഴിഞ്ഞൊഴുകുന്ന കല്ലടിക്കൊടൻ മലനിരകളെ തൊട്ടുരുമ്മി പ്രകൃതി വിഭവങ്ങളാൽ സമ്പൽസമൃദ്ധമായ കരിമ്പ എന്ന വള്ളുവനാടൻ ഗ്രാമം . സാമൂതിരിയുടെയും ടിപ്പുവിന്റെയും പടയോട്ടങ്ങളുടെ ഓർമ്മ പേറുന്ന ഈ ഗ്രാമത്തിന്റെ വിരിമാറിലൂടെയൊഴുകുന്ന തുപ്പനാട് പുഴയ്ക്കുപോലും സ്വാതന്ത്ര്യസമരചരിത്രത്തിൽ ഗണ്യമായ സ്ഥാനമുണ്ട് .

വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന ഈ ഗ്രാമത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഓർമയിലാദ്യമെത്തുക കൃഷ്ണനെഴുത്തഛന്റെ കുടിപ്പള്ളിക്കൂടമാണ് . പിൽക്കാലത്ത് കരിമ്പ ഗവ. ഹയർ സെക്കണ്ടറി സ്കൂളുമായി ഉയർന്നതിൽ ധാരാളം അധ്വാനം വേണ്ടിവന്നു എന്നത് പൂർവികർ ഓർമിക്കുന്നുണ്ടാവും.

ആദ്യകാലത്ത് കല്ലടിക്കോട് മുതൽ ചൂരിയോട് വരെ നീണ്ടുകിടന്ന ഈ പഞ്ചായത്തിൽ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ മാത്രമാണുണ്ടയിരുന്നത് . കോങ്ങാട്,മുണ്ടൂര് ,കടമ്പഴിപ്പുറം,തച്ചമ്പാറ എന്നീ സ്ഥലങ്ങളിലുള്ള വിദ്യാലയങ്ങളായിരുന്നു ഈ നാട്ടുകാരുടെ ആശ്രയം.കരിമ്പ നിവാസികളുടെ ചിരകാലാഭിലാഷമായിരുന്നു ഈ പഞ്ചായത്തിൽ ഉപരിപഠന സൗകര്യം ഉണ്ടാവുക എന്നത്.

ഈ സന്ദർഭത്തിലാണ് ശ്രീ പതിയിൽ വാസുദേവൻനായർ,ശ്രീ ടി.സി കുട്ടൻനായർ, ശ്രീ വീരാൻകുട്ടി സാഹിബ്,ശ്രീ പി.ടി തോമസ്,ഐരാണി ജനാർദ്ധനൻ നായർ ശ്രീ വേലായുധൻകുട്ടി,ശ്രീധരപണിക്കർ എന്നീ നിസ്വാർത്ഥമതികളുടെ നേതൃത്വത്തിൽ നാട്ടുകാരുടെ ഒരു കമ്മിറ്റി രൂപീകരിച്ച് ഹൈസ്കൂളിനുവേണ്ടിയുള്ള ശ്രമം ആരംഭിക്കുന്നത്. അവരുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി ഹൈസ്കൂൾ അനുവദിക്കപ്പെട്ടു. വലിയൊരു ബാധ്യതയായിരുന്നു സ്കൂൾ നിർമ്മാണത്തിനായി കമ്മിറ്റി ഏറ്റെടുത്തത്.മൂന്നേക്കർ സ്ഥലവും ആറ് ക്ലാസ് മുറികളുമുള്ള കെട്ടിടവും ചുരുങ്ങിയ സമയത്തിനുള്ളിൽ തയ്യാറാക്കിയെടുക്കുക എന്ന ശ്രമകരമായ വെല്ലുവിളി ഏറ്റെടുത്ത കമ്മിറ്റിക്ക് പല പ്രതിബന്ധങ്ങളും നേരിടേണ്ടി വന്നെങ്കിലും നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനവും നാട്ടുകാരുടെ സഹകരണവും ലക്ഷ്യത്തിലെത്തുന്നതിന് സഹായിച്ചു.

1947 സെപ്റ്റംബർ മാസം 9തിന് എട്ടാം ക്ലാസ്സ് മാത്രമായി വിദ്യാലയം പ്രവർത്തനം ആരംഭിച്ചു. പനയപാടത്തുള്ള ശാന്തപ്പിള്ള എന്ന വ്യക്തിയുടെ കെട്ടിടത്തിൽ വാടകയ്ക്കായിരുന്നു. 1976ൽ ഇതൊരു മുഴുവൻ ഹൈസ്കൂളായിത്തീരുകയും ശ്രീമതി എം.സുഭദ്ര ഹെഡ്മിസ്ട്രസ്സ് ആയി ചുമതലഏൽക്കുകയും ചെയ്തു. അച്ചടക്കത്തിലും കാര്യക്ഷമതയിലും പഠന നിലവാരത്തിലും ഉന്നതമായൊരു പാരമ്പര്യത്തിന് തുടക്കം കുറിക്കാൻ സുഭദ്രടീച്ചറുടെ നേതൃത്വത്തിന് കഴിഞ്ഞു.

എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ നിരന്തരമായി നടന്ന വിദ്യാർത്ഥി സമരങ്ങളും അധ്യാപകരുടെ കുറവും ഈ വിദ്യാലയത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. എന്നാൽ അധ്യാപകരുടെയും നാട്ടുകാരുടെയും പി.ടി.എ യുടെയും ഇടപെടലുകൾ അച്ചടക്കം നിലനിർത്തുന്നതിൽ ഒരു പരിധി വരെ സഹായിച്ചിട്ടുണ്ട്.2004–2005 വർഷത്തിൽ ഇതൊരു ഹയർ സെക്കണ്ടറി വിദ്യാലയമായി ഉയർത്തപ്പെട്ടു.ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ആയിരുന്ന ശ്രീമതി കെ എ മറിയമ്മ തന്നെയായിരുന്നു ആദ്യ പ്രിൻസിപ്പാൾ. തുടക്കത്തിൽ താൽക്കാലികാധ്യാപകർ മാത്രമുണ്ടായിരുന്ന സ്ഥാനത്ത് തൊട്ടടുത്ത വർഷം ഏതാനുംസ്ഥിരാധ്യാപകർ എത്തിയതോടെ ഹയർസെക്കണ്ടറി പൂർണമായും പ്രവർത്തനസജ്ജമായി. ക്ലാസ് മുറികളുടെയും ലൈബ്രറി ലാബ് എന്നിവയുടെയും കുറവ് വിദ്യാർത്ഥികളുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ പരമാവധി ശ്രമിക്കാറുണ്ട്. ജില്ലാ പഞ്ചായത്തിന്റ സഹായത്തോടെ 2007 പണിതു നൽകി രണ്ടു മുറികൾ ഓട്ടുകൂടി കെട്ടിടവും 2008 പിടിഎ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച 4 മുറികൾ ഓട് കൂടിയ താൽക്കാലിക കെട്ടിടത്തിലാണ് ക്ലാസുകൾ നടക്കുന്നത്. 2007–2008 അധ്യായന വർഷങ്ങളിൽ സയൻസ് കൊമേഴ്സ് വിഷയങ്ങളിൽ ഓരോ ബാച്ചുകൾ കൂടി അനുവദിച്ചതോടെ ഈ പ്രദേശത്തെ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി മറ്റു പ്രദേശങ്ങളെ ആശ്രയിക്കാതെ കഴിഞ്ഞു. റിസൾട്ടിന്റെ കാര്യത്തിൽ തൊണ്ണൂറുകളിൽ ഏറെ പിന്നിലായിരുന്ന ഈ വിദ്യാലയം ഇപ്പോൾ നില എറെ മെച്ചപ്പെട്ടിട്ടുണ്ട്. ഹൈസ്കൂൾ ഹയർസെക്കൻഡറി വിഭാഗങ്ങളിൽ നിലവിൽ 90 ശതമാനത്തിലും മേലെയായിരുന്നു കഴിഞ്ഞ വർഷത്തെ റിസൾട്ട്.
തദ്ദേശഭരണസ്ഥാപനങ്ങളുടെയും പിടിഎയുടെയും സഹകരണത്തോടെ വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എല്ലാം നിയമ സംബന്ധമായി നടപ്പിലാക്കി കരിമ്പ ഗ്രാമ പഞ്ചായത്തിലെ ഏക ഹയർസെക്കൻഡറി സ്ഥാപനം ഉയർച്ചയിലേക്കെത്തുമെന്നും ഈ പ്രദേശത്തെ വിദ്യാർത്ഥികളുടെ ഉപരിപഠന സൗകര്യങ്ങൾ പൂർണമായും നിറവേറ്റുമെന്നും നമുക്കാശിക്കാം.

മുഹമ്മദ് ആരിഫ് പി. എ
10D

# സ്വപ്നം

വിങ്ങുന്ന മനസ്സിനുമുണ്ടാവില്ലേ സ്വപ്പ്നങ്ങൾ
ഒരുപാട് ജീവൻ കൊടുത്തും
എടുത്തും തകിടം മറിക്കുന്ന
കടലമ്മക്കുമില്ലേ കാണാനൊരു സ്വപ്നം
പണ്ടേതോ ഒരു മുത്തശ്ശി പറഞ്ഞ കഥപോലൊരു സ്വപ്നം ഉണ്ടോ?
എനിക്ക് കാണാൻ......
പ്രണയ ദമ്പതികൾ കാണുന്നു
കുഞ്ഞു പൈതങ്ങൾ കാണുന്നു
ജീവിതാർത്യം അറിയാതെ
നട്ടം തിരിയുന്ന മനിതർക്കുമുണ്ട്
പറയാനൊരു സ്വപ്നകഥ
പുറമെ കാണുന്നതല്ല സ്വപ്നം
പുറമെ കാണാത്ത കാര്യങ്ങളെ കാണാനുള്ള
സുവർണ്ണവസരമാണ് സ്വപ്നം

# കുട്ടികളൊരു നാൾ

**അശോക് വാജ്പേയി**

മൊഴിമാറ്റം: മുരുകദാസ്

ചോലക്കരയിൽ,

അനീസ് ഹസ്സൻ

കുട്ടികളൊരുനാൾ
ആവേശത്തിമിർപ്പിൽ
അന്തരീക്ഷത്തിലേക്ക് പുറപ്പെടും
എന്നിട്ടോ?
പാതി രുചിച്ച പഴങ്ങളേയും
കല്ലുകളെന്നപോലെ നക്ഷത്രങ്ങളെയും പെറുക്കിക്കൊണ്ടുവരും

ആകാശത്തെ,
ചുമലിലേറ്റി ഒരു നാളവർ
കളിക്കുവാനായ് കൊണ്ടുവരും ,
ഏതോ പുരാതന വിസ്മയം ചാലിച്ച
തെളിനിലാവെന്നതു പോലെ .

കുട്ടികളൊരു നാൾ
യമലോകത്തെ വെല്ലുവിളിച്ച്
തങ്ങളുടെ പൂർവികരെ മുഴുവനും
മോചിപ്പിച്ച് ഭൂമിയിലെത്തിക്കും
പിന്നെയവരുടെ ചുറ്റുംകൂടിയിരുന്ന്
കേട്ടുകൊണ്ടേയിരിക്കും;
വിസ്മയത്തോടെ,
യുഗങ്ങളോളം ,
ഒരിക്കലുമവസാനിക്കാത്ത കഥകൾ .

കുട്ടികളൊരു നാൾ.......

बच्चे एक दिन

अशोक वाजपेयी

बच्चे
अंतरिक्ष में
एक दिन निकलेंगे
अपनी धुन में,
और ? ले आयेंगे
अधखाये फलों और
रकम-रकम के पत्थरों की तरह
कुछ तारों को ।

आकाश को पुरानी चांदनी की तरह
अपने कंधों पर ढोकर
अपने खेल के लिए
उठा ले आयेंगे बच्चे
एक दिन ।

बच्चे एक दिन यमलोक पर धावा बोलेंगे
और छुड़ा ले आयेंगे
सब पुरखों को
वापस पृथ्वी पर,
और फिर आँखें फाड़े
विस्मय से सुनते रहेंगे
एक अनन्त कहानी
सदियों तक ।

बच्चे एक दिन......

(रचनाकालः1986)

# ഗിരിജ ടീച്ചർ

തന്റെ മുന്നിലിരിക്കുന്ന കുട്ടിയെ അന്യനാക്കാതെ ഇടപെടാനാവുന്നവർ
അധ്യാപനത്തിന്റെ യഥാർത്ഥ അർത്ഥത്തോട് ചേർന്ന് നിൽക്കുന്നവരാണല്ലോ .
പ്രധാനാദ്യാപിക ഗിരിജ ടീച്ചർക്ക് ഇതിൽ കൂടുതൽ വിശേഷണങ്ങൾ നൽകുന്നില്ല.
ടീച്ചർ ഈ വർഷം ഔദ്യോഗിക ജീവിതത്തിൽ നിന്നും
വിരമിക്കുക യാണ്
ടീച്ചറുടെ വിശേഷങ്ങൾക്കൊപ്പം

ടീച്ചറുടെ ഔദ്യോഗിക ജീവിതം പറയാമോ?

.

1990 –ൽ തുടങ്ങി ഇപ്പൊ 29 വർഷം പിന്നിട്ടിരിക്കുന്നു. ടീച്ചർ ആവാൻ ഉദ്ദേശിച്ചിരുന്നില്ല. ടീച്ചർ ആവുന്നതിന്ന് മുൻപ് ക്ലർക് ആയിരുന്നു.

എപ്പോഴാണ് ഹെഡ്മിസ്ട്രസ്സ് ആയത്?

20 വർഷം ടീച്ചറെ ആയി പഠിപ്പിച്ചതിന്ന് ശേഷമാണ് ഹെഡ്മിസ്ട്രസ് ആയത്. 2019 ജൂണിലാണ് ഹെഡ്മിസ്ട്രസ് ആയത്.



ടീച്ചർ ആദ്യം ജോലി ചെയ്ത സ്കൂൾ?
ആനക്കൽ ആയിരുന്നു ഞാൻ ആദ്യം പഠിപ്പിച്ച സ്കൂൾ.

എത്രാമത്തെ സ്കൂൾ ആണ് ഇത്?
ഏഴാമത്തെ സ്കൂൾ ആണ്

ടീച്ചറുടെ പഠന കാലം?
ഞാൻ വിക്ടോറിയ ഗേൾസ് ഹൈ സ്കൂൾ ചിറ്റൂരിലാണ് പഠിച്ചത്. പിന്നെ ബിഎഡ് എടുത്തു ടീച്ചർ ആയി.

ടീച്ചർക്ക് ഈ ജോലിയെ പറ്റി എന്താണ് അഭിപ്രായം?
ഹെഡ്മാസ്ട്രെസ്സിനെകാൾ എനിക്ക് ഇഷ്ടം ടീച്ചർ ആവുന്നതിലാണ് കാരണം ഒരു ടീച്ചർ എന്ന് പറഞ്ഞാൽ പാഠങ്ങൾ പഠിപ്പിക്കാൻ മാത്രം അല്ല. നല്ല സൗഹൃദത്തോടെ ഇടപെടാൻ ആണ് എനിക്ക് ഇഷ്ടം.

ടീച്ചറുടെ കുടുംബത്തെ പറ്റി ഒന്ന് പറയാമോ?
സന്തുഷ്ട കുടുംബമാണ്. ഭർത്താവ് ബാങ്കിലാണ് ജോലി ചെയ്യുന്നത്. ഒരു മകൾ ഉണ്ട് അവൾ ഗവേഷണ വിദ്യാർത്ഥിയാണ്. കല്യാണം കഴിഞ്ഞു. മരുമകൻ കോളേജ് അധ്യാപകനാണ് .ഇപ്പൊ ഞാനും ഭർത്താവും മാത്രമേ വീട്ടിൽ ഉള്ളു.

പഠിപ്പിക്കുന്ന സമയത്ത് ടീച്ചറുടെ ജീവിതത്തിൽ ഉണ്ടായ മറക്കാൻ പറ്റാത്ത ഒരു അനുഭവം പറയാമോ?

ഞാൻ പഠിപ്പിക്കുന്ന ക്ലാസിൽ ഒരു കുട്ടിഉണ്ടായിരുന്നു. അവൾ വളരെ ആക്റ്റീവ് ആയിരുന്നു. നല്ല മിടുക്കി ആണ്. പക്ഷെ അവൾക്ക് എപ്പോഴും ക്ഷീണമായിരുന്നു ആ കുട്ടിയെ പറ്റി അന്വേഷിച്ചപ്പോൾ ആണ് അറിഞ്ഞത് ആ കുട്ടിക്ക് ക്യാൻസർ ആയിരുന്നു എന്ന്. പിന്നെ എനിക്കാവും പോലെ അവളെ ശ്രദ്ധിച്ചു. അവൾക്ക് വേണ്ട ഇല്ല സഹായവും ചെയ്തു കൊടുത്തു. ആ ഒരു സംഭവം എനിക്ക് ഒരിക്കലും മറക്കാൻ പറ്റില്ല.






# നിങ്ങൾക്കെങ്ങനെ ധൈര്യം വരുന്നു

ഗിരിജ K  Head Mistress

"ഫ്രൈഡേ ഫോർ ഫ്യൂചർ" എന്ന പരിസ്ഥിതി കൂട്ടായ്മയുടെ നേതാവാണ്
16 വയസ്സുകാരിയായ ഗ്രെറ്റ തുംബെർഗ്
നിങ്ങൾക്കെങ്ങനെ ധൈര്യം വരുന്നു "ഞങ്ങളുടെ കുട്ടിക്കാലവും സ്വപ്നങ്ങളും സന്തോഷങ്ങളും കവർന്നെടുക്കാൻ" എന്ന് പാരിസ്ഥിതിക ഉച്ചകോടിയിൽ ലോക രാജ്യത്തലവന്മാരോടാണ് കയർത്തത്.പൊള്ളയായ വാഗ്ദാനങ്ങൾകൊണ്ട് ഞങ്ങളുടെ തലമുറയെ വഞ്ചിക്കുകയാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്,എന്നുതുടങ്ങുന്ന ഗ്രെറ്റയുടെ പ്രസംഗം,ലോകമെമ്പാടും ശ്രദ്ധിക്കപ്പെട്ടു.പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ അത്യാവശ്യത്തെക്കുറിച്ച് ലോകത്തെ പഠിപ്പിക്കാൻ ഫ്രൈഡേ ഫോർ ഫ്യൂചർ കൂട്ടായ്മ വെള്ളിയാഴ്ചകൾതോറും സ്കൂളിൽ പോകാതെ യൂണിഫോമിട്ടു പാര്ലിമെന്റിനുമുന്പിൽ പ്രതിഷേധിക്കുന്നു.ഈ സമരം ലോകമെമ്പാടുമുള്ള പരിസ്ഥിതിസ്നേഹികൾ ഏറ്റെടുത്തുകഴിഞ്ഞു.
വരൾച്ചയും,പ്രളയവും,ഇല്ലാത്ത ശുദ്ധവായുവും,ശുദ്ധജലവുമുള്ള നല്ലഭൂമി എന്ന സ്വപ്നത്തിന് നാമോരോരുത്തരും ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടതുണ്ട്,

# കാശ്മീർ

മുഹമ്മദ് ഉവൈസ് 10D

ഓ കാശ്മീർ
ഭിഷഗ്വരന്റെ പണിപ്പുരയിൽ
നീ ശ്വാസം തുടിക്കും കോശം
ഇന്നു നിൻ മാറിടത്തിൽ
കലാപവും യുദ്ധവും കൊടിയേറലായ്
പിറന്ന മണ്ണിൽ നിന്നും
ഹൃദയം മറന്ന് പറന്നവർ
നിങ്ങൾ കശ്മീരികൾ
അല്ലെയോ കാശ്മീർ.
നിൻ നന്മകൾ മറവിയുടെ
തീരത്തേക്കാഞ്ഞടിക്കും തിരമാലയായ്
ഇന്നുനീ ഊരിയിട്ടിരിക്കുന്ന
നന്മ ചെരുപ്പ് ആകാംഷയോടെ
നിനക്കായ് കാത്തിരിപ്പാണ്
ഇന്നും നന്മ തേടിപ്പോയ
കാശ്മീരി കിതപ്പിലാണ്
കാശ്മീർ.....
നിന്നിൽ ഇരുട്ടു മാത്രമാണെങ്കിൽ
പിന്നെ വെളിച്ചത്തിനെന്തുകാര്യം
കെട്ടിനിൽക്കുന്ന കട്ട ചോരയായ്
നിൻ മാറിടം നിപിഡമായ്
നിൻ നിഴലുകൾക്കൊരുപാട്ടു
ണ്ടൊന്നു പറയാൻ
നന്മ തെടിപ്പറക്കുന്ന നിങ്ങൾ
ക്കിനിയുമുണ്ടൊരുപാട്ടുതാണ്ടാൻ

അമൃത എം കെ 8 ഡി

## അമ്മമ്മ.

അമ്മമ്മ എന്ന കഥയെഴുതിയത് പി സുരേന്ദ്രനാണ് മൂന്ന് പേരക്കുട്ടികളെയും പോറ്റുന്നത് അമ്മമ്മയാണ് ഒന്നാമത്തെ പേരകുട്ടിയെ ആദ്യം ഹോസ്റ്റലിലാക്കി പിന്നെ രണ്ടു കുട്ടികളെയും ആ കൊച്ചു വീട്ടിൽ അമ്മമ്മ ഒറ്റയ്ക്കാണ് മൂന്ന് കുട്ടികൾക്കും അമ്മയില്ല. അച്ഛൻ എവിടെയോ പോയി. മൂന്ന് കുട്ടികളെയും അമ്മമ്മ പ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ കൊണ്ടു പോകുമായിരുന്നു .ചായ കടയിൽ കയറി അവർക്കു വേണ്ട സാധനങ്ങൾ വാങ്ങി കൊടുക്കുമായിരുന്നു പൊറോട്ടയും ,ചായയും ,പിന്നെ പെൻസിൽ ,ബാഗ് ,പേന ,ചെരുപ്പ് എന്നിവ ഓരോ കടയിലും കയറി വാങ്ങിച്ചു കൊടുക്കുമായിരുന്നു .അമ്മമ്മ പോവുന്ന തിന് മുൻപ് അദ്ധ്യാപകരോട് കരഞ്ഞു പറയുമായിരുന്നു " മക്കളെ പൊന്നു പൊലേ നോക്കണേ... " എന്നു യാചിക്കും . അമ്മമ്മ വന്നാൽ അവർ ക്ലാസ്സിൽ നിന്ന് ഓടിയെത്തുമായിരുന്നു .കുറച്ച് ചില്ലറകൾ അവർക്ക് മൂന്ന് പേർക്കും കൊടുക്കുമായിരുന്നു അവർ വീട്ടിൽ വന്നാൽ അമ്മമ്മ അവരെ ജോലി ചെയ്യാൻ വിടില്ല പകരം അമ്മമ്മ തന്നെ ജോലിക്ക് പോകും .അമ്മമ്മ വിളമ്പുന്ന ആ ഭക്ഷണത്തിൽ പോലും അമ്മമ്മയുടെ കണ്ണീരുണ്ടാവുമായിരുന്നു .അമ്മമ്മയുടെ മകളുടെ മരണം ദുർമരണമാണോ എന്ന് അമ്മമ്മയ്ക്ക് സംശയമുണ്ട് .അവർ മൂന്നു പേരും നല്ലവണ്ണം പഠിക്കുമായിരുന്നു .ഇപ്പോൾ ആ വീട് ഉറങ്ങിയിരിക്കുകയാണ് അമ്മമ്മയാണ് അദ്ധ്വാനിക്കുക .അമ്മമ്മ മൂന്ന് പേര കുട്ടികളെയും ഹോസ്റ്റലിൽ ചേർക്കാനുള്ള കാരണം ചിലവുകൾ വഹിക്കുവാൻ കഴിയാത്തതുകൊണ്ടാണ് .അമ്മമ്മ മുഷിഞ്ഞ സാരിയാണ് ഉടുക്കാറ് ,വിണ്ടു പൊട്ടിയ കാൽ ...ഒന്നാമത്തവൻ ഒൻപതിലും രണ്ടാമത്തവൻ ഏഴിലും മൂന്നാമത്തവൻ അഞ്ചിലുമാണ് .ഈ ചെറുപ്രായത്തിൽ തന്നെ അവർ മൂന്നു പേരും ഹോസ്റ്റലിലാണ് .പഠിച്ചു വലിയ നിലയിലെത്തിയപ്പോൾ അവർക്ക് അമ്മമ്മ യെ വേണ്ടാ ... " അമ്മമ്മ യെ കുറിച്ച് ആലോചിക്കാനെ വയ്യാ " .പി സുരേന്ദ്രൻ എഴുതിയ അമ്മ എന്ന കഥ എനിക്ക് ഒരു പാട് ഇഷ്ട്ടമായി .ഈ പുസ്തകം എല്ലാ കൊച്ചു കുട്ടികളും വായിക്കുക.

**അർച്ചന.പി.ജെ**

# സൗന്ദര്യ ലഹരി

ചങ്ങമ്പുഴ കൃഷ്ണപിള്ള എഴുതിയ മനോഹരമായ സൗന്ദര്യലഹരി എന്ന കവിത ഞാൻ വയിച്ച ആസ്വാദനശേഷിയും കാവ്യാത്മകമായ ഒരു അനുഭൂതി നൽകുന്ന എന്റെ പ്രിയപ്പെട്ട കവിതകളിൽ ഒന്നാണ് സ്വന്ദര്യലഹരി

വളരെയധികം കാവ്യഭംഗിയും ശബ്ദ ഭംഗയും ഒരേ പോലെ ആവിഷ്കരിച്ച് എഴുതിയ കവിതയാണിത് എന്റെ മനസ്സിന്റെ ഉത്താളങ്ങളിൽ സ്പർശിക്കുന്ന ഈ കവിത. ഏതൊരു വയനക്കാരനും വായിച്ചാൽ മനസ്സിലാവുന്ന ലളിത മനോഹരിത നിറഞ്ഞതാണീ കവിത

പ്രകൃതിയുടെ അനർഘമായ കാഴ്ചകൾ വളരെ വിഭിന്നമായാണ് കവിതയിൽ ഉൾകൊള്ളിച്ചിരുന്നത്. വായനക്കാരെ കോരിത്തരിപ്പിക്കുന്ന വാക്കുകൾ കൊണ്ട് കവിതയെ മനോഹരമാക്കിയിരുന്നു.

പുലരിയുടെയും സന്ധ്യയെയും  രാത്രിയുടെയും വരവിനെ കവി വിഷിഷ്ടമായ കാവ്യഭംഗി നൽകി സുന്ദരമാക്കിയിരുക്കുന്നു

പ്രകൃതിയോട് കൂടുതൽ അടുക്കാനും പ്രകൃതി ആസ്വദിക്കാനും ഈ സൗന്ദര്യലഹരി എന്ന കവിത നമ്മെ സഹായിക്കുന്നു. പ്രകൃതിയുടെ ഉൾനാമ്പു കളെ തൊട്ടറിയാൻ സൗന്ദര്യലഹരി ഒരു പ്രചോദന മറുന്നു

## ഒരു നീണ്ട യാത്ര

**പ്രവീൺ പ്രകാശ്. കെ(8D)**

ദൂരദൂരദേശങ്ങളിലേക്കുള്ള യാത്രകളിൽ കാണുന്ന കാഴ്ചകൾ ആലോചിക്കുകയായിരുന്നു അവൾ. അവൾ ഒരു ദേശാടനക്കിളിയായിരുന്നു. മുട്ടവിരിഞ്ഞതിനുശേഷം കുഞ്ഞുങ്ങളും കൂട്ടുകാരുമായി അവൾ പറന്നുയരും. എന്നാൽ, അവളുടെ സ്വപ്നലോകത്തുനിന്നും ഒരു നിലവിളി കേട്ട് അവൾ ഞെട്ടി. ചുറ്റുപാടും എന്ത് സംഭവിച്ചു എന്നറിയാതെ അവൾ പകച്ചുനിന്നു. അപ്പോഴേക്കും പൂവാലനണ്ണാൻ ഓടിവന്നു പറഞ്ഞു.

" കാവതീ, നീ സൂക്ഷിച്ചിരുന്നോളൂ. അങ്ങ് ദൂരെ കുറേ സാധനങ്ങൾ വന്നിരിക്കുന്നു, ഒപ്പം മനുഷ്യരും."

ഓ, പറയാൻ വിട്ടുപോയി - അവളുടെ പേര് കാവതി എന്നാണ്.

കാവതി ചോദിച്ചു. "മനുഷ്യരുടെ ഒപ്പം എന്താണുള്ളത്? "

പൂവാലന്റെ കിതപ്പ് മാറിയിരുന്നില്ല. അല്പനേരത്തിനുശേഷം അവൻ പറഞ്ഞു. "അതെനിക്കറിയില്ല. എന്നാൽ, അവർ മരങ്ങളെല്ലാം മുറിക്കുന്നതായും മണ്ണുമാന്തി തുരങ്കമുണ്ടാക്കുന്നതായും കണ്ടു." പൂവാലൻ വേവലാതിയോടെ പറഞ്ഞു: "എനിക്ക് കാട് മൊത്തം വിവരമറിയിക്കണം.നിന്റെ മുട്ട വിരിഞ്ഞിരിക്കുകയല്ലേ... അവരെ നീ പറക്കാൻ പഠിപ്പിച്ചോ. ഞാൻ പോട്ടേ. എല്ലാവരെയും അറിയിക്കണം." പൂവാലൻ ഓടിമറഞ്ഞു. അപ്പോഴാണ് തന്റെ ഓമനക്കിടാങ്ങളെ കാവതി നോക്കിയത്. അവൾ ആരോടെന്നില്ലാതെ പറഞ്ഞു. "കാട്ടുമുത്തപ്പാ, എന്റെ കുഞ്ഞുങ്ങൾക്കൊന്നും വരുത്തരുതേ..."

കാവതി ചുറ്റിലും നോക്കി. ദൂരെ ദൂരെ ചെറുതായി മരങ്ങൾ വീഴുന്നു. അപ്പോഴാണ് അവൾ അപ്പൂപ്പൻ കുരങ്ങനെ കണ്ടത്. കാവതി ചോദിച്ചു.

"അപ്പൂപ്പാ, നിങ്ങൾക്ക് എന്താണ് നടക്കുന്നത് എന്നറിയാമോ?"

വാർദ്ധക്യം കൊണ്ട് അവശനായ ആ മുതുക്കുരങ്ങൻ പതിയെ പറഞ്ഞു.

" കുഞ്ഞേ, പണ്ട് ഇതുപോലെ നടന്നിരുന്നു. മനുഷ്യർ മരതകക്കാട്ടിലെത്തിയ സമയം. സർവ്വമൃഗങ്ങൾക്കും സ്വർഗ്ഗം തന്നെയായിരുന്നു മരതകക്കാട്. മനുഷ്യർ ആദ്യം മലകളെല്ലാം തുരന്ന് തീവണ്ടിപ്പാതകളാക്കി.

ശേഷം, അവിടെയാകെ പടുകൂറ്റൻ കെട്ടിടങ്ങൾ ഉയർന്നുവന്നു. ചുരുക്കത്തിൽ അവിടം ഒരു മൊട്ടക്കുന്നായിമാറി. അവിടെ ഉണ്ടായിരുന്ന മൃഗങ്ങളെ എല്ലാം അവർ കൂടുകളിലാക്കി. ഞാൻ കഷ്ടിച്ചാ രക്ഷപ്പെട്ടത്."

കാവതിക്ക് പേടിയായി, അവൾ ചോദിച്ചു - "അപ്പോൾ അവർ എന്റെ കുഞ്ഞുങ്ങളെ പിടിക്കുമോ? ഒരു നെടുവീർപ്പോടെ മുത്തശ്ശൻ പറഞ്ഞു. "നിനക്ക് നല്ലതേ വരൂ കുഞ്ഞേ... നീ രക്ഷപ്പെടും."ദിവസങ്ങൾ കഴിഞ്ഞു. എല്ലാ കിളിക്കുട്ടികളും പറക്കാറായി, ഒരുവനൊഴിച്ച്. അപ്പോഴേക്കും മനുഷ്യർ അടുത്തെത്തിയിരുന്നു. ജീവികളെല്ലാം പ്രാണരക്ഷാർത്ഥം രക്ഷപ്പെടുകയാണ്. കാവതി ചുറ്റിലും നോക്കി. അപ്പൂപ്പനെ കാണാനില്ല. അപ്പോഴേക്കും മനുഷ്യർ തൊട്ടുതാഴെ എത്തിയിരുന്നു. വേറെ ഒന്നും ആലോചിക്കാൻ കാവതി തുനിഞ്ഞില്ല. അവൾ തന്റെ മക്കളുമായി പറന്നുയർന്നു. എന്നാൽ, ഏറ്റവും ഇളയവനു മാത്രം പറക്കാനായില്ല. അവൻ തളർന്നുവീണു. മനുഷ്യർ അവനെ പിടിക്കുന്നതിന് മുമ്പേ അപ്പൂപ്പൻ കുരങ്ങൻ അവനെ കാവതിയെ ഏൽപ്പിച്ചു. എന്നിട്ട് പറഞ്ഞു. "കുഞ്ഞേ, ഞാൻ പോവുകയായി. നീയും നിന്റെ കുഞ്ഞുങ്ങളും സുഖമായി ജീവിക്കും. എന്നെ അവർ പിടിക്കും."

അടുത്ത നിമിഷം ഒരു വെടിയൊച്ച മുഴങ്ങി. കുരങ്ങൻ മയങ്ങി വീണു. കുരങ്ങനെ അവർ കൂട്ടിലാക്കി. കാവതിയും കുട്ടികളും പറന്നുയർന്നു, കരഞ്ഞുകൊണ്ട്... മൊട്ടയായ അവളുടെ കാടിനെ നോക്കി അവൾ വിലപിച്ചു. "ഈ കാട് മരിക്കുകയാണ്. പുതിയ കാട് തേടി ഞങ്ങൾ പോവുകയായി. സർവ്വചരാചരങ്ങളെയും രക്ഷിക്കണേ ദൈവമേ." അവളും കുഞ്ഞുങ്ങളും പറന്നുയർന്നു. അവരുടെ യാത്ര ഇവിടെ തുടങ്ങുകയാണ്.

# വിജയോത്സവം 2018–19

കോങ്ങാട് നിയോജക മണ്ഡലത്തിലെ വിദ്യഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി തയ്യാറാക്കിയ വിദ്യാവികാസ് പദ്ധതിയുടെ ഭാഗമായുള്ള വിജയോത്സവം 2018–19 ജൂലൈ എട്ടിന് കരിമ്പ ഹയർ സെക്കന്ററി സ്കൂൾ അങ്കണത്തിൽ വച്ച് വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ . പൊഫ്രസിർ രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

2018–19 വർഷത്തിൽ മണ്ഡലത്തിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നും LSS, USS, SSLC ഹയർസെക്കഡറി VHSE മേഖലകളിൽ ഉന്നതവിജയം നേടി പ്രതിദകൾക്കും കലാ കായിക ശസ്ത്ര പ്രവർത്തി പരിചയ മേഖലകളിൽ വിജയികൾക്കും മണ്ഡലത്തിലെ മികവ് തെളിച്ച വിദ്യാലയങ്ങൾക്കും പുരസ്കരങ്ങൾ നൽക്കി. എം എൽ എ, കെ വി വിജയദാസ് അദ്ധ്യഷനായി ചടങ്ങിൽ പി രാജഗോപാലൻ റിപ്പോർട്ട് അവതരണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾ ,ജില്ല പഞ്ചായത്ത് പ്രതിനിധികൾ ,AGO, DEO, AEO, വിവിധ രാഷ്ട്രീയ പ്രതിനിധികൾ ,പൊതു ജനങ്ങൾ, അധ്യാപക രക്ഷാകർത്ത്യ പ്രതിനിധികൾ, സാമൂഹസേവന രംഗത്തെ വിവിധ സംഘടന പ്രതിനിധികൾ ,അധ്യാപകർ തുടങ്ങിയവർ പങ്കെടുത്ത ചടങ്ങിൽ ചെയർ പേഴ്സണ് ശ്രീമതി .സി .കെ ജയശ്രീ സ്വാഗതവും പ്രിൻസിപ്പൽ ശ്രീ .കുഞ്ഞൂണ്ണി നന്ദിയും പറഞ്ഞു .തുടർന്ന് കരിമ്പ ഹയർ സെക്കഡറിയിലെ വിദ്യാർത്ഥികളുടെ കലാപറിപാടികൾ നടന്നു.








കരിമ്പ ഗവ ഹയർ സെക്കൻഡറി സ്കൂളിൽ 2018-19 വർഷം S S L C, plus two തലത്തിൽ മികച്ച വിജയം നേടിയവരെ കല്ലടിക്കോട് റോട്ടറി ക്ലബിന്റെ നേതൃത്ത്വത്തിൽ ആദരിച്ചു.

## ഹൈടെക്ക് – ഔദ്യോഗിക പ്രഖ്യാപനം

കരിമ്പ പഞ്ചായത്തിലെ സ്ക്കൂളുകളിൽ ഹൈടെക്ക് സൗകര്യങ്ങൾ ഒരുക്കിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം കോങ്ങാട് എം എൽ എ കെ വി വിജയദാസ് നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ജയശ്രീ സി കെ അദ്ധ്യക്ഷത നിർവ്വഹിച്ച ചടങ്ങിൽ പഞ്ചായത്ത് അംഗങ്ങൾ, പി ടി എ അംഗങ്ങൾ, മറ്റ് സ്ക്കുളുകളിലെ പ്രധാനധ്യാപകർ, മറ്റ് ജീവനക്കാർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർ പങ്കെടുത്തു.












# കൗമാരാദിനാഘോഷം




ഓഗസ്റ്റ് 1 കൗമാരാദിനാഘോഷം നടത്തി.. ഇന്നത്തെ പെൺകുട്ടികളാണ് നാളത്തെ അമ്മമാർ ആരോഗ്യമുള്ള ഒരു പുതു തലമുറയെ വാർത്തെടുക്കുന്നതിനും പെൺകുട്ടികളെ ബോധവത്കരിക്കുന്നതിനും ആയി കരിമ്പ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ കല്ലടിക്കോട് phc Dr. ബോബി മാണി സാർ നേതൃത്വത്തിൽ പെണ്കുട്ടികൾക്കായുള്ള വളർച്ച പരിശോധന ക്യാമ്പ് ബഹുമാനപെട്ട PTA പ്രസിഡണ്ട് ശ്രീ രവി അവർകൾ ഉദ്ഘടനം നിർവഹിച്ച .കൗമാരദിനാഘോഷത്തിനു തുടക്കം കുറിക്കുകയും.. വളർച്ച പരിശോധനയിൽ കൂട്ടതൽ പരിശോധന വേണ്ട കുട്ടികൾക്ക് Dr. വേണ്ട നിർദേശം നൽകുകയും ചെയ്തു തുടർന്നു ആരോഗ്യ ക്ലാസ്സ് നടത്തിയതോടെ കൗമരാദിനാഘോഷം പരിസപ്തയിലെത്തിച്ചു..




## Little Kite news

ലിറ്റിൽ കൈറ്റ് ജൂനിയർ ബാച്ചിന്റെ ഏകദിന ക്യാമ്പ്
മാസ്റ്റർ ട്രെയിനർ രാമചന്ദ്രൻ മാസ്റ്ററുടെ നേതൃത്വത്തിൽ നടന്നു. വിദ്യാർത്ഥികൾ അനിമേഷൻ, വീഡിയോ എഡിറ്റിംങ്ങ്, 'സ്ക്രാച്ച് പ്രോഗ്രാമിങ്ങ് എന്നിവയിൽ പരിശീലനം നേടി. മികവ് തെളിയിച്ച 6 വിദ്യാർത്ഥികൾ ഉപജില്ലാ കാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

സീനിയർ വിദ്യാർത്ഥികൾ അവരുടെ പ്രോജക്ട് വർക്കിന്റെ ഭാഗമായി പെൺകുട്ടി കളുടെ body mass index നിർണ്ണയം നടത്തി. കൗമാര ദിനത്തിന്റെ ഭാഗമായി തിരഞ്ഞെടുത്ത കുട്ടികളിൽ നിന്നും കണ്ടെത്തിയ ഹീമോഗ്ലോബിൻ അളവ് കൂടി താരതമ്യപ്പെടുത്തി ആരോഗ്യ കാർഡ് നൽകി


ഓണാഘോഷങ്ങളുടെ ഭാഗമായി ഡിജിറ്റൽ പൂക്കള നിർമ്മാണം നടന്നു .

ലിറ്റിൽ കൈറ്റ് സീനിയർ ബാച്ചിന്റെ പംനാനുബന്ധ പ്രവർത്തനങ്ങളുടെ മൂല്യനിർണ്ണയം രാമചന്ദ്രൻ മാസ്റ്റർ നടത്തി. കുട്ടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി.സ്കോറുകൾ പരിശോധിച്ചു.


8ാം ക്ലാസ് ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ പ്രാഥമിക ക്ലാസ് ബഷീർ മാസ്റ്റർ, ജയശങ്കർ തുടങ്ങിയ അധ്യാപകരുടെ നേതൃത്വം നൽകി.




## *DIGITAL POOKKALAM*



JISHNU (8D)





PRAVEEN PRAKASH (8D)




MUHAMMED AFLAH 9D

JANEESHA FATHIMA 10 A





SANIYA 8A



SISIRA 8A

# Pic Walk


യുദ്ധവിരുദ്ധ റാലി
ജി എച്ച് എസ് എസ് കരിമ്പ
സോഷ്യൽ സയൻസ് ക്ലബ്ബ്


OFFICE
യുദ്ധവിരുദ്ധ റാലി
ജി എച്ച് എസ് എസ് കരിമ്പ
സോഷ്യൽ സയൻസ് ക്ലബ്ബ്




GROW RICH


AI DUAL CAMERA
KL.9AN
6788


NOTICE
REDMI NOTE 7 PRO
AI DUAL CAMERA




SPC
GHS



Little Kites -GHSS Karimba





PRAVEEN PRAKASH 8D Little Kites